(ബി) വിതരണ ശൃംഖലകളുടെ പണികൾ ആദ്യം ഏറ്റെടുത്തിരുന്ന കരാറുകാരൻ M/s. Ramakrishna Contractors pvt. Ltd., Hyderabad ആണ്. പ്രസ്തുത കരാറുകാരൻ പണി ഉപേക്ഷിച്ചുപോയതിനാൽ M/s. TECPRO Infra Structures Ltd., കൊച്ചി എന്ന കമ്പനിക്ക് 2012 ജൂണിൽ ബാക്കി പണികൾക്ക് കരാർ നൽകിയിരുന്നു. 2012 ആഗസ്റ്റിൽ പ്രവൃത്തികൾ ആരംഭിച്ചു. കരാർ കാലാവധി 2013 ഡിസംബർവരെ ആയിരുന്നെങ്കിലും പണികൾ ഇതുവരെ പൂർത്തീകരിച്ചിട്ടില്ല. 174 കിലോമീറ്റർ പൈപ്പ് ലൈനുകൾകൂടി ഇനിയും സ്ഥാപിക്കാനുണ്ട്. കൂടാതെ ഇതുവരെ ഇട്ടിട്ടുള്ള പൈപ്പ് ലൈനുകളിൽ ആദ്യ കോൺട്രാക്ടർ ചെയ്ത പൈപ്പ് ലൈനുകൾ ഉൾപ്പെടെ 587 ഗ്യാപ് ക്ലോസിംഗ് പ്രവർത്തനങ്ങളും രണ്ട് റെയിൽവേ ക്രോസ്സിങ്ങും ചെയ്തുതീർക്കുവാൻ അവശേഷിക്കുന്നുണ്ട്.

(സി) വിതരണ ശൃംഖലയുടെ പണിയിൽ പുരോഗതി കുറവായിരുന്നതിനാൽ TECPRO-യുടെ സേവനം നിർത്തലാക്കുന്ന നടപടിയെടുത്തെങ്കിലും ഒരു വർഷത്തിനുള്ളിൽ പണികൾ പൂർത്തിയാക്കാമെന്നുള്ള അവരുടെ വാഗ്ദാനം പരിഗണിച്ച് അവരെക്കൊണ്ടുതന്നെ പണികൾ നടത്തിച്ച് ഘട്ടങ്ങളായി ജലവിതരണം ഉറപ്പാക്കിക്കൊണ്ട് 2016 ഡിസംബർ മാസത്തോടുകൂടി പദ്ധതി പൂർണ്ണമായും കമ്മീഷൻ ചെയ്യാനാണ് ഇപ്പോൾ ആലോചിച്ചിട്ടുള്ളത്. ഇതിന് സത്വരനടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.

ജലനിധി ഒന്നാംഘട്ടം പദ്ധതി

245 (934) ശ്രീ. ഹൈബി ഈഡൻ :

ശ്രീ. അൻവർ സാദത്ത് :

ശ്രീ. പാലോട് രവി :

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലനിധി ഒന്നാംഘട്ടം പദ്ധതികൾ പൂർത്തിയാക്കാൻ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാം ; വിശദാംശങ്ങൾ നൽകുമോ;

(സി) പദ്ധതി നടപ്പിലാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ജലനിധി ഒന്നാംഘട്ടത്തിൽ 112 ഗ്രാമപഞ്ചായത്തുകളിലായി 2500 പദ്ധതികൾ ലക്ഷ്യമിട്ടിരുന്ന സ്ഥാനത്ത് 3710 പദ്ധതികൾ വിജയകരമായി പൂർത്തീകരിച്ചു. എന്നാൽ ഏതാനും ചില പദ്ധതികൾ, പ്രോജക്ടിന്റെ കാലാവധി കഴിഞ്ഞതിനാലും ലോകബാങ്ക് ധനസഹായം നിർത്തിയതിനാലും പൂർത്തീകരിക്കാൻ സാധിച്ചില്ല.

(ബി) ഗ്രാമീണ ജനതയ്ക്ക് ഉണമേന്മയേറിയതും സുസ്ഥിരവുമായ കുടിവെള്ള ശുചിത്വ സൗകര്യങ്ങൾ ആവശ്യാധിഷ്ഠിതമായി വികേന്ദ്രീകൃത രീതിയിൽ ഒരുക്കുകയെന്നതാണ് പദ്ധതിയുടെ ഉദ്ദേശലക്ഷ്യം. ജലനിധിയുടെ ഒന്നാംഘട്ട പദ്ധതി പ്രവർത്തനങ്ങൾകൊണ്ട് 1.90 ലക്ഷം കുടുംബങ്ങളിൽപ്പെട്ട 11.23 ലക്ഷം ഉണഭോക്താക്കൾക്ക് ശുദ്ധജല ശുചിത്വ സംവിധാനങ്ങൾ ലഭ്യമാക്കാൻ സാധിച്ചു

(സി) ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പൂർത്തീകരിക്കേണ്ട പദ്ധതികൾ വിശദമായി പരിശോധിച്ച് പദ്ധതി തയ്യാറാക്കി നടപ്പാക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നതാണ്.

ജലനിധി രണ്ടാംഘട്ടം പദ്ധതി

246 (935) ശ്രീ. എ. റ്റി. ജോർജ് :

ശ്രീ. കെ. ശിവദാസൻ നായർ :

ശ്രീ. എം. എ. വാഹീദ് :

ശ്രീ. ടി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലനിധി രണ്ടാംഘട്ട പ്രവർത്തനങ്ങൾക്ക് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ: വ്യക്തമാക്കുമോ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ ;

(സി) പദ്ധതി നടപ്പിലാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) 1022 കോടി രൂപ മുതൽമുടക്കി 2012-17 കാലയളവിൽ ഗ്രാമ പഞ്ചായത്തുകളിൽ ജനകീയ പങ്കാളിത്തത്തോടെ കുടിവെള്ള ശുചിത്വ സൗകര്യങ്ങളൊരുക്കുന്ന ജലനിധി രണ്ടാംഘട്ട പദ്ധതി സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു.